കോമൺവെൽത്ത് ഗെയിംസിലും ഏഷ്യാഡിലും മെഡൽ നേടിയവർക്ക് പ്രോത്സാഹനം

267 (864) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. കെ. എം. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസിലും ഏഷ്യാഡിലും വിവിധ ഇനങ്ങളിൽ മെഡലുകൾ നേടിയ മലയാളി കായികതാരങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നല്കിയത് എന്ന് വിശദമാക്കുമോ ;

(ബി) കോമൺവെൽത്ത്, ഏഷ്യാഡ് എന്നീ കായിക മത്സരങ്ങളിൽ പങ്കെടുത്തവർക്ക് കൂടുതൽ കായിക നേട്ടം കൈവരിക്കാൻ സഹായകരമാകുന്ന തരത്തിൽ അന്തർദേശീയ നിലവാരമുള്ള കോച്ചിംഗ് പരിപാടികളിൽ പങ്കെടുക്കുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും വ്യക്തികളുടെ മാത്രം കോച്ചിംഗ് ലഭിച്ചതുമൂലം ഈ മേളകളിൽ കഴിവുകൾ പൂർണ്ണമായും പ്രകടിപ്പിക്കാനാകാതിരുന്ന കായികതാരങ്ങളെ കണ്ടെത്തി അവർക്ക് കൂടുതൽ അന്തർദേശീയ നിലവാരത്തിലുള്ള കൂടുതൽ പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡൽഹിയിൽ നടന്ന 19-ാമത് കോമൺവെൽത്ത് ഗെയിംസിലും ചൈനയിൽ നടന്ന 16-ാമത് ഏഷ്യൻ ഗെയിംസിലും മെഡൽ നേടിയ മലയാളി കായിക താരങ്ങൾക്കും പരിശീലകർക്കും സർക്കാർ ക്യാഷ് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി & സി) കോമൺവെൽത്ത്/ഏഷ്യാഡ് കായിക മത്സരങ്ങളിലെ നേട്ടം പരിശോധിച്ചപ്പോൾ വ്യക്തമാകുന്നത് അത്ലറ്റിക്സിലാണ് കേരളത്തിൽ വൻ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നത് എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അത്ലറ്റിക്സിൽ 2012, 2016 ഒളിമ്പിക്സുകളിൽ മെഡൽ പ്രതീക്ഷിച്ചുകൊണ്ട് 'ഗോ ഫോർ ഗോൾഡ്' എന്ന പുതിയൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ഇനങ്ങളിൽ മികവ് തെളിയിച്ചവർക്ക് ഉന്നത നിലവാരമുള്ള പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly